29-10-2026

Overview-Second Session

അവലോകനം

മി. സ്പീക്കർ: പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2026 ഒക്ടോബർ 12 മുതൽ 29 വരെ നടന്നു. സഭ ആകെ 9 ദിവസം സമ്മേളിച്ചു. ആകെ 3574 ചോദ്യങ്ങൾക്ക് നോട്ടീസ് ലഭിച്ചു. 270 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളായും 3204 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളായും അനുവദിച്ചു. നക്ഷത്ര ചിഹ്നമിട്ട 270 ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2538 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉത്തരം ലഭ്യമാക്കി.

താഴെപ്പറയുന്ന മന്ത്രിമാർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

- ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി
- ബഹു. പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി.
- ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി
- ബഹു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

- ബഹു. കൃഷി വകുപ്പുമന്ത്രി

- ബഹു. തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശുവികസന വകുപ്പുമന്ത്രി.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം ലഭ്യമാക്കിയ മേൽ സൂചിപ്പിച്ച മന്ത്രിമാരെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു. മറ്റ് മന്ത്രിമാരും ഇതേ മാതൃക അനുവർത്തിക്കുമെന്ന് ചെയർ പ്രത്യാശിക്കുന്നു.

ചോദ്യോത്തരവേളകളിൽ 31 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിക്കുകയും 293 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ സമ്മേളനകാലത്ത് ആകെ 6 അടിയന്തര ചോദ്യങ്ങൾക്കുള്ള നോട്ടീസ് ലഭിക്കുകയും 2 എണ്ണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

18 ശ്രദ്ധ ക്ഷണിക്കലുകൾ സഭാ തലത്തിൽ ഉന്നയിക്കപ്പെട്ടു. 143 സബ്മിഷനുകൾ ഉന്നയിക്കുകയും മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. ഒരു ദിവസം 10 സബ്മിഷനുകൾ എന്ന ചട്ടത്തിന് ചില ദിവസങ്ങളിൽ ഒഴിവ് നൽകേണ്ടിവന്നിട്ടുണ്ട്. സബ്മിഷനുകളുടെ ബാഹുല്യം കാരണം 29-10-2026-ന് 38 സബ്മിഷനുകൾക്ക് അനുമതി നൽകുകയും സമയക്കുറവ്

കാരണം അവയുടെ മറുപടി മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

റൂൾ 50 പ്രകാരം സഭാ നടപടി നിർത്തിവയ്ക്കുന്നതിനുള്ള 9 നോട്ടീസുകൾ ലഭിച്ചു. മന്ത്രിമാരുടെ മറുപടിക്കുശേഷം പ്രസ്തുത നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചു.

ചട്ടം 118 പ്രകാരം ബഹു. മുഖ്യമന്ത്രി, ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. വൈദ്യുതി-പരിസ്ഥിതി വകുപ്പ് മന്ത്രി എന്നിവർ അവതരിപ്പിച്ച പ്രമേയങ്ങൾ സഭ പാസ്സാക്കി.

ചട്ടം 130 പ്രകാരം ശ്രീ. രമേശ് പിഷാരടി, ശ്രീ. കെ. രാജൻ എന്നിവർ നൽകിയ നോട്ടീസുകൾ സഭ ചർച്ച ചെയ്യുകയും ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് ഉപക്ഷേപങ്ങൾ പാസ്സാക്കുകയും ചെയ്തു.

ചട്ടം 113 പ്രകാരം ശ്രീ. പി. പ്രസാദ്, ശ്രീ. കെ. കെ. വത്സരാജ്, ശ്രീ. കെ. രാജൻ എന്നിവർ സഭയിൽ ഹർജികൾ സമർപ്പിച്ചു. ചട്ടം 300 പ്രകാരം വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി 27-10-2026-ന് സഭയിൽ പ്രസ്താവന നടത്തി.

2026-ലെ കേരള കോർട്ട് ഫീസും വ്യവസാര സലയും (ഭേദഗതി)

ബിൽ, 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ, 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും ബിൽ), 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ, കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ, 2026-ലെ സരൾ കേരളം ബിൽ, 2026-ലെ കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ (ഭേദഗതി) ബിൽ, 2026-ലെ പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് (ഭേദഗതി) ബിൽ എന്നീ ബില്ലുകൾ ഈ സമ്മേളനത്തിൽ സഭ പാസ്സാക്കി. ഈ സമ്മേളനത്തിൽ 5 അനൗദ്യോഗിക ബില്ലുകൾക്ക് അവതരണാനുമതി തേടി. 7375 സന്ദർശകർ സന്ദർശക ഗ്യാലറികൾ വഴി സഭാ സമ്മേളനം വീക്ഷിച്ചു.

നിയമസഭാ സമ്മേളനം വിജയകരമായി നടത്തുന്നതിന് സഹകരിച്ച ബഹു. മന്ത്രിമാർ, സാമാജികർ, ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫംഗങ്ങൾ, നിയമസഭാ ജീവനക്കാർ, മറ്റ് ജീവനക്കാർ, മാധ്യമപ്രതിനിധികൾ തുടങ്ങി എല്ലാവർക്കും ചെയർ നന്ദി അറിയിക്കുന്നു. ബഹു. മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും നന്ദി രേഖപ്പെടുത്തുന്നു.